ഭരണഭാഷ-മാതൃഭാഷ

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**മൃഗസംരക്ഷണ വകുപ്പ് - ഡയറക്ടറേറ്റ് - വികാസ് ഭവൻ**

**തിരുവനന്തപുരം**

**(ഹാജർ:ആസിഫ്.കെ.യൂസഫ് ഐ എ എസ്)**

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ് - വിജിലൻസ് - ഡോ.ശാലിനി വിൽക്കിൻസണിനെതിരായ അച്ചടക്കനടപടി - കർശന താക്കീത് നൽകി അച്ചടക്കനടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

| | |
|---|---|
| നമ്പർ - AHD/2052/2021-X3 | തീയതി:13-02-2025 |

പരാമർശം: 1) മൃഗസംരക്ഷണവകുപ്പ് ഡയറക്ടറുടെ 25/10/2022 ലെ AHD/2052/2021/X3 നമ്പർ ചാർജ്ജ് മെമ്മോ

2) ഡോ.ശാലിനി വിൽക്കിൻസൺ സമർപ്പിച്ച പ്രതിവാദ പത്രിക

**ഉത്തരവ്**

മൃഗസംരക്ഷണവകുപ്പിൽ ആലപ്പുഴ ജില്ലയിലെ തുറവൂർ വെറ്ററിനറി ഡിസ്പെൻസറിയിലെ വെറ്ററിനറി സർജനായിരുന്ന ഡോ.ശാലിനി വിൽക്കിൻസണിനെതിരെ, തുറവൂർ ഗ്രാമപഞ്ചായത്ത് തുറവൂർ വെറ്ററിനറി ഡിസ്പെൻസറി മുഖേന നടപ്പിലാക്കിയ 2019-20 ലെ വാർഷിക വികസന പദ്ധതിയായ വളക്കുഴിയും, മൂത്രത്തൊട്ടി നിർമ്മാണവും പദ്ധതിയിലെ ഗുണഭോക്താവായ ശ്രീമതി.സത്യവതിയമ്മയ്ക്ക് പദ്ധതി പ്രകാരം നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടും സാമ്പത്തിക ആനുകൂല്യം നൽകുന്നതിൽ കാലതാമസം നേരിട്ടുവെന്ന പരാതിയിൽ ആലപ്പുഴ ജില്ലാ മൃഗസംരക്ഷണ ഓഫീസർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ഗുണഭോക്താക്കൾക്ക് സാമ്പത്തിക ആനുകൂല്യം നൽകുന്നതിൽ കാലതാമസം വരുത്തുക, ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ച എന്നീ കുറ്റങ്ങൾ ചുമത്തി പരാമർശം (1) പ്രകാരം ഡോ.ശാലിനി വിൽക്കിൻസണിന് ലഘുശിക്ഷയ്ക്കുള്ള ചാർജ്ജ്മെമ്മോ നൽകിയിരുന്നു. ടി ചാർജ്ജ് മെമ്മോയ്ക്ക് ടിയാൻ പരാമർശം (2) പ്രകാരം മറുപടി സമർപ്പിച്ചിരുന്നു. പ്രസ്തുത മറുപടിയിൽ പരാതിക്കാരി 2019-20 വാർഷിക വികസന പദ്ധതിയിലെ വളക്കുഴി, മൂത്രത്തൊട്ടി നിർമ്മാണം പദ്ധതിയുടെ ഗുണഭോക്താവായിരുന്നുവെന്നും പദ്ധതി പൂർത്തീകരിച്ച് 2020 ജനുവരി മാസത്തിൽ രേഖകൾ ഹാജരാക്കുവാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും ശ്രീമതി.സത്യവതിയമ്മ പഞ്ചായത്ത് വാർഡ് മെമ്പറുടേയും പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടേയും പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിരുന്നില്ലായെന്നും ടി സാക്ഷ്യപത്രം നവംബർ മാസത്തോടെയാണ് പരാതിക്കാരി ഹാജരാക്കിയതെന്നും ആയത് ലഭിച്ചതിനുശേഷം അധികം താമസിയാതെ തുക മാറി

നൽകിയെന്നുമുള്ള പ്രതിവാദങ്ങൾ ഉന്നയിക്കുകയുണ്ടായി. പൂർത്തീകരണ സർട്ടിഫിക്കറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്ന് സമയബന്ധിതമായി അന്വേഷിച്ചിരുന്നുവെങ്കിൽ ഗുണഭോക്താവിന് സബ്സിഡി തുകമാറി നൽകുന്നതിൽ കാലതാമസം നേരിടേണ്ടിവരില്ലായിരുന്നുവെന്ന് ആലപ്പുഴ ജില്ലാ മൃഗസംരക്ഷണ ഓഫീസറും റിപ്പോർട്ട് ചെയ്തിരുന്നു.

സാമ്പത്തിക ആനുകൂല്യം ലഭ്യമാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിലും പദ്ധതിയുമായി ബന്ധപ്പെട്ട ആനുകൂല്യങ്ങൾ കർഷകർക്ക് നൽകുന്നതിൽ ഡോ.ശാലിനി വിൽക്കിൻസണിന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടില്ലായെന്നത് ഈ സാഹചര്യത്തിൽ പരിഗണിക്കുന്നു.

മേൽ സാഹചര്യത്തിൽ ആലപ്പുഴ ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ റിപ്പോർട്ട്, ഡോ.ശാലിനി വിൽക്കിൻസൺ നൽകിയ മറുപടി എന്നിവ പരിഗണിച്ച്, ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്ന് **കർശന താക്കീത്** നൽകി, ആലപ്പുഴ ജില്ലയിലെ തുറവൂർ മൃഗാശുപത്രിയിലെ വെറ്ററിനറി സർജനായിരുന്ന ഡോ.ശാലിനി വിൽക്കിൻസണിനെതിരായി മേൽ പരാമർശം (1) പ്രകാരം ആരംഭിച്ച അച്ചടക്കനടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

Signed by
Asif K Yusuf
Date: 13-02-2025 19:36:10

**ആസിഫ്.കെ.യൂസഫ് ഐ എ എസ്**
**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

1) ഡോ.ശാലിനി വിൽക്കിൻസൺ, അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ, ആർ.എ.എച്ച്.സി കട്ടപ്പന, ഇടുക്കി ( ഇടുക്കി ജില്ലാ മൃഗസംരക്ഷണ ഓഫീസർ മുഖേന) - 2 പകർപ്പ് ഒരു പകർപ്പിൽ കൈപ്പറ്റ രേഖയായി താങ്കളുടെ തീയതി വച്ച കൈയ്യൊപ്പ് രേഖപ്പെടുത്തി തിരികെ നൽകേണ്ടതാണ്.)

പകർപ്പ്:-

1. ജില്ലാ മൃഗസംരക്ഷണ ഓഫീസർ, ഇടുക്കി (കൈപ്പറ്റ് രസീത് മടക്കതപാലിൽ അയച്ചുതരുന്നതിലേയ്ക്കായി)
2. ജില്ലാ മൃഗസംരക്ഷണ ഓഫീസർ, ആലപ്പുഴ (അറിവിലേയ്ക്കായി)
3. ഐ.റ്റി ഓഫീസർ, മൃഗസംരക്ഷണവകുപ്പ് ഡയറക്ടറേറ്റ്, വികാസ്ഭവൻ. (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)
4. പണിഷ്മെന്റ് രജിസ്റ്റർ/ഡി സൂപ്രണ്ട്/ഡി1 സെക്ഷൻ/സ്റ്റോക്ക് ഫയൽ എക്സ്3